# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 740/11/12/2023/ TVM**

പരാതികക്ഷി : ശാരദ,റ്റി.സി.72/2268
കരിമഠം കോളനി,മണക്കാട്,ചാല
തിരുവനന്തപുരം

എതിർകക്ഷികൾ : സജീവ്

**മുതൽപേർ**

**ഉത്തരവ് തീയതി 09.05.2024**

72 വയസ് പ്രായമുള്ള വൃദ്ധയും രോഗിയുമായ പരാതികക്ഷി ഒറ്റയ്ക്കാണ് താമസിക്കുന്നതെന്നും, എതിർകക്ഷികൾ ടിയാളുടെ വീടിനു മുമ്പിൽ പന്തുകളിക്കുകയും ഒരു ബോൾ പരാതികക്ഷിയുടെ വീടിന്റെ കണ്ണാടിയിൽ കൊണ്ട് ദേഹത്ത് വീണതായും ആയത് ചോദ്യം ചെയ്ത പരാതികക്ഷിയെ എതിർകക്ഷികൾ ചീത്തവിളിക്കുകയും ഉപദ്രവിക്കുകയും ചെയ്തതായും, ഇതു സംബന്ധിച്ച ഫോർട്ട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ട് നടപടി ഒന്നും സ്വീകരിച്ചിട്ടില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ ഫോർട്ട് പോലീസ് ഇൻസ്പെക്ടർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിയിൽ അന്വേഷണം നടത്തിയതിൽ പരാതിക്കാരി പഴയ സാധനങ്ങൾ ശേഖരിച്ച് വീട്ടിലും പരിസരത്തും സൂക്ഷിച്ച് വിൽപന നടത്തിയാണ് ഉപജീവനം നടത്തുന്നതെന്നും, ടിയാൾ താമസിക്കുന്ന വീടിന്റെ പരിസരങ്ങളിൽ പഴയ സാധനങ്ങൾ ശേഖരിച്ച് കൂട്ടിയിട്ട് സൂക്ഷിക്കുന്നത് അയൽക്കാർക്കും പരിസരവാസികൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും, കൂടാതെ ടിയാൾ സ്ഥിരമായി പരിസരവാസികളോട് വഴക്കുണ്ടാക്കുകയും പരസ്യമായി അസഭ്യം പറയുക പതിവാണെന്നും, ഈ പരാതി അന്വേഷണത്തിൽ വ്യാജമാണെന്ന് വെളിവായിട്ടുള്ളതായും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പരാതികക്ഷിയുടെ ആരോപണം തെളിയിക്കുന്നതിനാവശ്യമായ കാര്യങ്ങളൊന്നും ടിയാൾ ഹാജരാക്കുകയുണ്ടായിട്ടില്ല. ആയതിനാൽ പോലീസ് റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ പരാതിയിന്മേലുള്ള തുടർനടപടികൾ കമ്മീഷൻ അവസാനിപ്പിച്ച് പരാതി തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ